# ശ്രീ. പി .ശ്രീരാമകൃഷ്ണന്റെ വാക്കുകളിലൂടെ

വേദിയിലുള്ള ബഹുമാന്യ വ്യക്തിത്വങ്ങളെ പ്രിയമുള്ള സഹോദരീ സഹോദരന്മാരെ, ബഹുമാന്യനായ വക്കം മൗലവി നവോത്ഥാന പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വളരെ പ്രസക്തമായ ഒരു പ്രകാശന പരമ്പരയ്ക്ക് തുടക്കം കുറിയ്ക്കുകയാണ്. നവോത്ഥാനത്തെക്കുറിച്ചുള്ള പ്രഭാഷണ പരമ്പരയുടെ ഔപചാരികമായ തുടക്കമാണിവിടെ കുറിക്കുന്നത്, അതോടൊപ്പം ഡോ.എൻ.എ്.കരിമിന്റെ വിപുലമായ ഗ്രന്ഥശാലയുടെ ഉദ്ഘാടനവും 'അൽ ഇസ്‌ലാം' മാസികയുടെ ഒറ്റവാല്യത്തിലുള്ള പുന:പ്രകാശനവും ചേരുന്ന സംയുക്ത പരിപാടികളാണ് ഇവിടെ ആസൂത്രണം ചെയ്തിരിക്കുന്നത്. വളരെ സന്തോഷപൂർവ്വം ഈ മൂന്ന് പരിപാടികളും ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു. നമ്മുടെ മുന്നിലുള്ള ഈ മൂന്ന് പരിപാടികളുടെയും ഒരു എസ്സെൻസ് വളരെ ചുരുങ്ങിയ വാക്കുകളിലെങ്കിലും വളരെ ചുരുങ്ങിയ സമയം കൊണ്ടാണെങ്കിലും ഇവിടെ വിശദീകരിക്കപ്പെട്ടിരിക്കുന്നു. വിശദമായൊരു പ്രഭാഷണം ഇന്ന് നമ്മളുദേശിച്ചിട്ടില്ല. പ്രഭാഷണ പരമ്പര തുടങ്ങാനിരിക്കുന്നതേയുള്ളൂ. അതുകൊണ്ട് വളരെ ദീർഘിപ്പിച്ച ഒരു പ്രസംഗത്തിന് പ്രസക്തിയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കേരളീയ നവോത്ഥാനം വളരെയേറ വിശകലനത്തിന് വിധേയമാകേണ്ട ഒരു പ്രക്രിയയാണ്, നന്നായി പോസ്റ്റ്മോർട്ടം ചെയ്യേണ്ട ഒരു കാര്യമാണ്. അങ്ങനെ വരുമ്പോ നവോത്ഥാനത്തിന്റെ മൂല്യങ്ങൾ നമുക്ക് പ്രധാനം ചെയ്ത നവോത്ഥാന നായകരെയും അവരുടെ സംഭാവനകളെയും അതിന്റെ ചരിത്രത്തെയും സംബന്ധിച്ച് നാം പല വേദികളിലും ഗൗരവത്തോടുകൂടി പഠന വിധേയമാക്കുന്നുണ്ട് എന്നത് ഒരു ശരിയാണ്. എന്നാലിതിന്റെ തുടർച്ചയെ സംബന്ധിച്ച് ഒരുപക്ഷെ നവചിന്തകൾക്ക് നേതൃത്വം കൊടുത്ത് കൊണ്ട് കേരളത്തിൽ തീയുണ്ടകളുടെ പ്രഹരശേഷിയുള്ള നിലപാടുകൾ സ്വീകരിച്ച നവോത്ഥാന നായകന്മാരുടെ തുടർച്ച ഉണ്ടാകുന്നുണ്ടോ എന്നതാണ് കേരളം ചർച്ച ചെയ്യേണ്ട ഒരു പ്രധാന കാര്യം എന്നാണ് എനിക്ക് തോന്നുന്നത്. നവോത്ഥാന സംവാദങ്ങളെല്ലാം പോയകാല അനുഭവങ്ങളെക്കുറിച്ചുള്ള അയവെറക്കലായിട്ടെ അനുഭവപ്പെടുന്നുള്ളൂ എന്നാണ് എനിക്ക് തോന്നുന്നത്. ഇന്ന് ജീവിക്കുന്ന നമുക്ക് ഈ പഴയ അനുഭവങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾക്കെതിരെ പോരാടുവാനുള്ള ബാധ്യതയുണ്ടാകണം എന്നാ ചോദ്യത്തിനു മുന്നിലെത്തുമ്പോൾ പലപ്പോഴും നമ്മൾ ഒരു മിനിറ്റ് പകയ്ക്കുന്നില്ലേ; പകച്ചു നിൽക്കുന്നില്ലേ? എന്നാണ് എന്റെ തോന്നൽ. വക്കം അബ്ദുൽ ഖദർ മൗലവി തിരുവിതാംകൂറിലെ മുസ്‌ലീം സമൂഹത്തിന്റെ ഔന്നിത്വത്തിനു വേണ്ടി സ്വീകരിച്ച നിലപാടുകൾ ക്ലേശകരമായ നിലപാടുകളായിരുന്നു. അദ്ദേഹത്തെ ഖാഫർ എന്ന്

വിളിച്ചാക്ഷേപിച്ച അനുഭവമുണ്ടായിട്ടുണ്ട്, വഹാബി എന്ന് വിളിച്ച അനുഭവമുണ്ടായിട്ടുണ്ട്. ഒറ്റപ്പെടുത്തി സമുദായത്തിന്റെയും സമൂഹത്തിന്റെയും തകർച്ചയ്ക്ക് നേതൃത്വംനൽകുന്നവനാണ് എന്ന് പറഞ്ഞ അനുഭവമുണ്ടായിട്ടുണ്ട്. മുസ്‌ലീം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി നിലപാടുകൾ സ്വീകരിക്കുന്നത് ഔന്നത്യമാണ് എന്ന് നിലപാടു സ്വീകരിച്ച് അദ്ധേഹത്തെ ഒറ്റപ്പെടുത്തിയിട്ടുണ്ട്. അതിനെയെല്ലാം നേരിട്ട് അറബി മലയാളത്തിലുള്ള പഠനത്തിനു നേതൃത്വം കൊടുക്കുകയും അദ്ദേഹത്തിന്റെ മുൻകയ്യിൽ പാഠപുസ്തകം തന്നെ അറബിയിൽ ലഭ്യമാക്കുകയും സർക്കാർ സ്കൂളുകളിൽ പഠനത്തോടൊപ്പം അറബി പഠനം യാധാർത്യമാക്കുകയും ചെയ്യുന്ന നിലപാട് സ്വീകരിച്ച ആളെയാണ് ഇങ്ങനെ ആക്ഷേപിക്കാനും വിമർശിക്കാനുമുള്ള നിലപാട് സ്വീകരിച്ചു എന്നത് ഒരു അനുഭവമാണ്. അദ്ദേഹം മാത്രമല്ല നവോഥാനത്തിനു നിലപാടുകൾ സവീകരിച്ച ആളുകളെല്ലാം ഏതാണ്ടിതിനു സമാനമായ കല്ലേറുകൾ ഏറ്റുവാങ്ങിയവരാണ്. ആരും നല്ല പുഷ്പവൃഷ്ടി എട്ടുവാങ്ങിയിട്ട് നിലപാടുകൾ സ്വീകരിച്ചവരല്ല. അത്ര ക്ലേശകരമായ നിലപാടുകലാണവർ എടുക്കുകയും പോരാടുകയും വിജയിപ്പിച്ചെടുക്കുകയും ചെയ്തത്. ഞാൻ മുസ്‌ലിം നവോഥാനത്തെക്കുറിച്ച് പറയുമ്പോൾ ഞാൻ വരുന്നത് പൊന്നാനിയിൽ നിന്നാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ നികുതി ബഹിഷ്കരിക്കണമെന്ന് ഗാന്ധിജി ആഹ്വാനം ചെയ്യുന്നതിന്റെ നൂറ്റാണ്ടുകൾക്ക് മുൻപ് ദൈവത്തിന്റെ ശ്രിഷ്ടിയായ ഭൂമിയിൽ എന്തിന് സായിപ്പിന് നികുതി കൊടുക്കണമെന്ന് ചോദിച്ച വിപ്ലവകാരിയുണ്ടായിരുന്നു, അദ്ദേഹത്തിന്റെ പേരാണ് വെളിയംകോട് ഉമ്മർ ഖാൻ. ദൈവത്തിന്റെ നാമതിലാണദ്ദേഹം 800 വർഷങ്ങൾക്ക് മുൻപ് തെറ്റുകൾക്കെതിരായുള്ള പോരാട്ടങ്ങൾക്ക് നിലപാടുകൾ സ്വീകരിച്ചത്. 40 പള്ളികളുടെ മേൽക്കാവിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ആത്മീയത പള്ളികളിലെ പ്രാർത്ഥനകളിൽ ഒതുങ്ങി നിൽക്കുകയല്ല പോരാട്ടവീറിന്റെ ശക്തിയായി വികസിക്കുകയാണ് ചെയ്തത്. ഭാഷയുടെ ഉന്നമനത്തിനു വേണ്ടി നിലപാട് സ്വീകരിച്ച നിങ്ങൾ നിങ്ങളുടെ ഭാഷയെ ചേർന്നു നിൽക്കണം എന്ന നിലപാട് സ്വീകരിച്ച മഘ്തി തങ്ങൾ അവിടെ നിന്നാണ് പ്രവർത്തനം ആരംഭിക്കുന്നത്. മക്തൂം അവിടെ നിന്നാണ് പുറത്തുചാടുന്നത്. മലബാറിന്റെ മക്ക എന്നറിയപ്പെടുന്ന പൊന്നാനിയിൽ മതസൗഹാർദ്ദത്തിന്റെയും മതേതരത്വത്തിന്റെയും അസാധാരണമായ അന്തരീക്ഷം ഇന്നും നിലനിൽക്കുന്നതിന്റെ പുറകിൽ ഈ ചരിത്രത്തിന്റെ ശക്തമായ അടിത്തറയുണ്ട് എന്ന് നേരിട്ട് അനുഭവിച്ചു കൊണ്ടിരിക്കുന്ന ആളാൺ ഞാൻ. ഒരു ശ്രീരാമകൃഷ്ണൻ എങ്ങനെയാണ് പൊന്നാനിയിൽ നിന്ന് ജയിക്കുക എന്ന് അത്ഭുതം തൂകുന്ന ആളുകൾ പലപ്പോഴും തിരുവിതാംകൂറിൽ ഉണ്ടായിരുന്നു. ആ അത്ഭുതത്തെ അറബിക്കടലിൽ എറിഞ്ഞുകൊണ്ട് 4000ത്തിൽ നിന്ന ഭൂരിപക്ഷം 16000ത്തിലേക്ക് വർദ്ധിക്കുകയാണ് പൊന്നാനിയിലുണ്ടായത്. ഞാനതെന്റെ നേട്ടമായല്ലാ പറയുന്നത്, ഒരു നാടിന്റെ നവോത്ഥാന ചരിത്രത്തിന്റെ അടിത്തറയുടെ

ശക്തി കൊണ്ടാണ് എന്നാണ്. അവിടെ മാത്രമല്ലാ ഇത്തരം പ്രാദേശിക ജീവിതവുമായി ഇഴുകിച്ചേരുന്ന നിലപാടുകൾ സ്വീകരിച്ചിട്ടുള്ള നിരവധി നേതാക്കളുണ്ട്. തിരൂരങ്ങാടി തൊള്ളായിരത്തി ഇരുപത്തിയൊന്നിലെ കലാപത്തെ അറിയപ്പെടുന്ന വളരെ പ്രശസ്തമായ തദ്ദേശമാണ്. തിരൂരങ്ങാടി പള്ളിയാണ് മലബാർ കലാപത്തിൽ ആക്രമിക്കപ്പെട്ടത്. ഹാജി മുസലിയാരെ പിടിച്ചു കൊണ്ടുപോയതവിടെ നിന്നാണ്. ആ തിരൂരങ്ങാടിയ്ക്കടുത്തുള്ള ഒരു സ്ഥലമാണ് മുന്നിയൂർ. മുന്നിയൂരിൽ ഒരു കളിയാട്ടം നടക്കുന്നുണ്ട്. ആ കളിയാട്ടത്തിന് ആവശ്യമായ പൊയ്ക്കുതിരകൾ ഇപ്പോഴും പുറപ്പെടുന്നത് മമ്പറം തങ്ങളുടെ വീട്ടിൽ നിന്നാണ്. മമ്പറം തങ്ങൾ യമനിൽ നിന്ന് വന്ന ആളാണ്. ഒരു ദളിത സ്ത്രീയ്ക്ക് തിരുമന്ധാംകുന്ന് ക്ഷേത്രത്തിൽ പ്രവേശനം നിഷേധിക്കപ്പെട്ടപ്പോൾ തങ്ങളുടെ അടുത്ത് പോയിട്ട് പരാതി പറയുകയാണ് ഈ സ്ത്രീ, എന്നെ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കുന്നില്ല എന്ന്. വള്ളുവനാട്ടിലെ ഏറ്റവും പ്രസിദ്ധമായ ക്ഷേത്രത്തിൽ പ്രവേശനം നിഷേധിക്കപ്പെട്ട ആ സ്ത്രീയോട് നീ മതം മാറി ഇസ്ലാമായിട്ട് വാ നിനക്ക് പള്ളിയിൽ പ്രവേശിക്കാം എന്ന് പറയുന്നതിന് പകരം അതല്ല അദ്ദേഹം പറഞ്ഞ മറുപടി, അങ്ങനൊരു ബുദ്ധിമുട്ട് നിനക്കുണ്ടെങ്കിൽ ഞാൻ നിനക്കൊരു ക്ഷേത്രം ഇവിടുണ്ടാക്കിത്തരാം. എന്നിട്ട് മൂന്നിയൂരിൽ ഒരു ക്ഷേത്രമുണ്ടാക്കി കൊടുത്തിട്ട് നീ ഈ ക്ഷേത്രത്തിൽ പൊയ്ക്കോ എന്നാണ് മമ്പറം തങ്ങൾ പറഞ്ഞത്. ആ ഓർമയുടെ കരുത്തിലാണ് ഇപ്പോഴും തങ്ങളുടെ വീട്ടിൽ നിന്ന് കളിയാട്ടം നടക്കുന്ന ക്ഷേത്രത്തിലേക്കുള്ള പൊയ്ക്കുതിരകൾ പോകുന്നത്. അങ്ങനെ പ്രാദേശിക ജീവിതവുമായി ഇഴുകിച്ചേർന്ന നിലപാടുകൾ സ്വീകരിച്ച് മതചിന്തകൾക്ക് നേതൃത്വം കൊടുത്ത ഉമ്മർ ഖാദി തൊട്ട് മക്തും തൊട്ട് മഖ്തി തങ്ങൾ തൊട്ട് മമ്പറം തങ്ങൾ തൊട്ട് കലാപത്തിന്റെ സന്ദർഭങ്ങളെല്ലാം അന്യമതസ്ഥരെക്കുറിച്ചുള്ള സൗഹാർദത്തെക്കുറിച്ച് ഊന്നി ഊന്നി പറഞ്ഞ കലാപ നേതാക്കളായ വാരി മുസലിയാർ ഉൾപ്പെട്ട ആളുകൾ തൊട്ട് വക്കം മൗലവി വരെയുള്ളവരുടെ നിലപാട് കടുത്ത പ്രധിഷേധത്തിന്റെയും എതിർപ്പിന്റെയും ഇടയിൽ തന്നെയാണ് അവരിത്ര നിലപാട് സ്വീകരിച്ചത്. പതിനാലാം നൂറ്റാണ്ടിൽ ഇറ്റലിയിൽ ആരംഭിച്ചിട്ടുള്ള നവീനമായ ചിന്തകളുടെ പ്രവാഹത്തെയാണ് നവോത്ഥാനം എന്ന് പറയുന്നത് എന്നിവിടെ സൂചിപ്പിച്ചു. ഇറ്റലിയിൽ നിന്ന് അത് യൂറോപ്പിലാകെ പരന്നു അത് ഇന്ത്യയിലുമുണ്ടായി. ഇന്ത്യയിൽ അതിന് ചരിത്രം പറയുന്നത് നവോത്ഥാനം എന്നല്ലാ Renaissance before Renaissance എന്നാണ്. നവോത്ഥാനത്തിനു മുൻപുള്ള നവോത്ഥാനം. അതിന്റെ അടിത്തറ എന്ന് പറയുന്നത് Devotion ആയിരുന്നു, ഭക്തി ആയിരുന്നു. ഭക്തിയെ കൂട്ടുപിടിച്ചുകൊണ്ട് തെറ്റുകളെ എതിർക്കുക എന്നത് ഒരു ശക്തി ആണ് അന്ന് ആരംഭിച്ചത്. അങ്ങനെ സാഹിത്യത്തിൽ ഇന്ത്യ അന്ന് അലയടിച്ചുയർന്ന ആ movementനെയാണ് ഭക്തി പ്രസ്ഥാനം എന്ന് പറയുന്നത്. അതിൽ സൂഫികൾ ഉണ്ടായിരുന്നു, അതിൽ മീരയുണ്ടായിരുന്നു, അതിൽ കബീർ ഉണ്ടായിരുന്നു, അവരുടെ രചനകൾ

ഉണ്ടായിരുന്നു. അതിൽ നിന്ന് മണിപ്രവാളത്തിലേക്കും, സംസ്കൃത്തിൽ നിന്ന് മണിപ്രവാളത്തിലേക്കും മണിപ്രവാളത്തിൽ നിന്ന് മലയാളത്തിലേക്കും ഭാഷയെ നയിച്ച മലയാള സാഹിത്യകാരന്മാരുണ്ടായിരുന്നു. ഭക്തിയിൽ ഉറച്ച സാഹിത്യ രചന നടത്തിക്കൊണ്ട് സാമൂഹ്യ വിമർശനം നടത്തിയ ഭക്ത കവികളുണ്ടായിരുന്നു. അതിലൊന്നാണ് മലയാളികൾ കേട്ടുകൊണ്ടിരിക്കുന്ന ജ്ഞാനപ്പാന. കണ്ടു കൊണ്ടങ്ങിരിക്കും മനുഷ്യനെ കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ. ഇന്നലെയോളം എന്തെന്നറിഞ്ഞീലാ ഇന്നിനി നാളെയുമേന്തെന്നറിയില്ല എല്ലാവരും കേൾക്കുന്നുണ്ട്. പീലിയുടെ കൃഷ്ണ കൃഷ്ണ മുകുന്ദാ ജനാർദ്ദനാ, കൃഷ്ണ ഭക്തി വീശുന്ന ഒരു മനോഹരമായ പ്രാർത്ഥന മാത്രമല്ല നല്ല കുത്താണ് കൊടുക്കുന്നത്. 460 വർഷം മുൻപ് ബ്രാഹ്മണ്യത്തിന്റെ മേധാവിത്വത്തിനോടദ്ദേഹം ചോദിക്കുകയാണ് ബ്രാഹ്മണ്യം കൊണ്ട് കുന്ദിച്ച് കുന്ദിച്ച് ബ്രഹ്മാവും തനിയ്ക്കോവായെന്നു ചിലർ ബ്രാഹ്മണ്യത്തിന്റെ കുന്ദിപ്പ് കൊണ്ട് ശ്രേഷ്ഠമായ ബ്രഹ്മാവിനെക്കാളും വലുതാണെന്ന് കരുതുന്നവർ, എന്നദ്ദേഹം ചോദിക്കുകയാണ്. കോവിലകങ്ങളിൽ സേവ കൊടുക്കുന്നവരെയും ചഞ്ചലാക്ഷിയുടെ പുറകെ നടക്കുന്നവരെയും സ്വപ്നത്തിൽ പോലും സ്വന്തം ഭാര്യയെ കാണാത്തവരെയും പണം കിട്ടുന്നതിനു വേണ്ടി എന്തും ചെയ്യുന്നവരെ, പത്തു കിട്ടുകിൽ നൂറു മതിയെന്നും നൂറു കിട്ടുകിൽ ശതം മതിയെന്നും ആർത്തി കൂടുന്നവരെ ഒരു കുഞ്ഞുണ്ടാകണമെന്നല്ല ആ കുഞ്ഞിനു കുഞ്ഞുണ്ടായി ആ കുഞ്ഞിന്റെ വേളി കണ്ടിട്ട് മരിക്കണമെന്ന് ആഗ്രഹിക്കുന്നവരെയും എന്നാ മനുഷ്യ ജീവിതത്തിന്റെ ആർത്തികൾക്ക് എതിരായിട്ടുള്ള ആക്രമണമാണ് ജ്ഞാനപ്പാന. ആ ആക്രമണത്തിന്റെ അവസാനം എന്താ പറയുന്നത് കൃഷ്ണ കൃഷ്ണ മുകുന്ദാ ജനാർദ്ദനാ; ഈൻകുലാം സിന്ദാബാദ് എന്നല്ലാ ഈൻകുലാം സിന്ദാബാദ് എന്ന് പറഞ്ഞാൽ വിപ്ലവകാരിയാകും, കൃഷ്ണ കൃഷ്ണ മുകുന്ദാ ജനാർദ്ദനാ എന്ന് പറഞ്ഞാൽ ഭക്തിയായി. അപ്പൊ കൃഷ്ണന്റെ ഭക്തിയെ ഉപയോഗപ്പെടുത്തിയിട്ടാണ്ചെയ്തതിനെല്ലാം തെറ്റ് തിരുത്തുന്നത്. അതുകൊണ്ടാണ് മേൽപ്പത്തൂരിന്റെ വിഭക്തിയെക്കാൾ കൃഷ്ണന്റെ ഭക്തിയാണെനിക്ക് പ്രിയം എന്ന് ദൈവത്തെക്കൊണ്ട് പറയിപ്പിച്ചത്. അപ്പോ ദൈവചിന്താ, സുഫികളിതേ രീതിയാണ് സ്വികരിച്ചത്. മീര ഇതേ ചിന്തയാണ് സ്വികരിച്ചത്. തെറ്റുകളെ വിമർശിക്കാനുള്ള ഒരു ആയുധമായി ഉപയോഗപ്പെടുത്തി. അതിൽ നിന്നാണ് നവോത്ഥാനത്തിന്റെ വരുവണ്ടായത്. കുഴിച്ചിട്ടത് ആത്മീയതയുടെ ഭാവമാണെങ്കിലും മുളച്ചുപൊന്തിയത് ഭൂതിക യാഥാത്ഥ്യങ്ങൾക്കെതിരെയുള്ള പോരാട്ടത്തിന്റെ ഉല്പന്നങ്ങളായിരുന്നു എന്ന് പിന്നീട് ചരിത്രകാരന്മാർ പറുയുന്നുണ്ട്. അങ്ങനെ കടന്നു വന്ന നവോത്ഥാനത്തിന്റെ തുടർച്ചയിലുടെയാണ്. കേരളം ഇന്നു കാണുന്ന സംസ്കാരിക മൂലധനത്തെയെല്ലാം സമാഹരിച്ചത്. ആ മൂലധനത്തിന് പലഭാഗത്തു നിന്നും ടെപോസിറ്റ് ഉണ്ടായിട്ടുണ്ട്. ഒരുപാട് ടെപോസിറ്റ് ചെയതിട്ടുണ്ട്. ഒരുപാട് അരുവികൾ ഒഴുകിയിട്ട് ഒരു മഹാനദിയായിട്ട്

സമുദ്രത്തിലേക്ക് കുത്തികലങ്ങി ഒഴുകുന്നതുപോലെ, പലരുമതിലേക്ക് വലിയ വലിയ തുകകൾ നിക്ഷേപിച്ചു. സംസ്കരിക മൂലധനത്തിലേക്ക്. അതിലൊരു നിക്ഷേപകൻ അബ്ദുൽഖാദർ മൗലവിയാണ്, ഒരു നിക്ഷേപകൻ ഉമ്മർ ഖലിയാണ്, വി., ടി. ഭട്ടതിരിപ്പാദാണ്, ശ്രി. നാരായണ ഗുരുവാണ്, ചട്ടമ്പിസ്വാമികളാണ്, സഹോദരൻ അയ്യപ്പനാണ്, അയങ്കാളിയാണ് അങ്ങനെ എല്ലാവരുംകുടി കേരളത്തിന്റെ ഒരു ഞജാന സംസ്കരിക മൂലധനത്തെ സമാഹരിച്ച് നമ്മളെ വളർത്തി അത് നല്ലൊരു പെട്ടിയിലാക്കി, ആ പൊടിയുടെ പേരാണ് ഭാഷ മലയാളം. നമ്മുടെ സംസ്കരിക മൂലധനത്തിന്റെ സമാഹാരത്തെ സുക്ഷിച്ചുവെച്ച ലോക്കാറിന്റെ പേരാണ് ഭാഷ എന്നു പറയുന്നത്. ഇതു രണ്ടും നമ്മുടെ കൈയ്യിലുണ്ട്. പക്ഷേ നമ്മുളെന്താണ് ചെയ്യുന്നത്? നമ്മളിന്ന് മലയാളി സമുഹത്തിന്റെ ആധുനിക ലോകം ആ മൂലധനത്തെയെടുത്ത് ഉപയോഗിക്കുകയാണാ? അതോ ആ പെട്ടി പുട്ടിയിട്ട് താക്കോൽ പോക്കറ്റിലിട്ട് പെട്ടിയുടെ മുകളിൽ കയറി ഇരിക്കുകയാണോ? പഴയതിനെക്കുറിച്ച് നമ്മളെല്ലാം ഓർമ്മിക്കുന്നു, ആരാധനയോടു ക്കുടി പറയുന്നു, അയവിറക്കുന്നു. ഇന്ന് നമ്മുക്ക് ചെയ്യാനുള്ള നവോത്ഥാന ചുമതലകളെ നിർവഹിക്കുന്ന കാര്യത്തിൽ നാം പുർണ തൃപ്തിയുള്ള രീതിയിലാണോ മുന്നോട്ടു പോകുന്നത്? ഇന്നു നമ്മുടെ മുന്നിൽ റോൾ മോഡലുകൾ ഉണ്ടോ? നവോത്ഥാന നായകന്മാരുണ്ടോ? മതം എന്റെ അഭിപ്രായം എന്ന വാക്കിൽ നിന്നാണ് വരുന്നത്. ആ മതത്തിന്റെ സംഘടിത സ്വഭാവങ്ങൾക്ക് നേതൃത്വം കൊടുക്കലാണോ അതോ അതിന്റെ മൂല്യങ്ങൾ പ്രസരിപ്പിക്കലണോ പ്രധാനമെന്ന് കാര്യത്തിൽ പോലും ഇന്നു നമ്മുക്ക് സംശയമാണ്. ഡോ. സുകുമാർ അഴിക്കോട് മരിക്കുന്നതിനു മുൻപ് പറഞ്ഞു, 60 വർഷം മുൻപ് കേരളത്തിൽ പുറമേയെക്ക് വർഗ്ഗിയത യുണ്ടായിരുന്നു പക്ഷേ അകമേയ്ക് അതുണ്ടായിരുന്നില്ലാ, കാരണം മതചിഹ്നങ്ങളാകെ ശരീരത്തിൽ പ്രദർശിപ്പിച്ച് പലഭാഗത്തും ആളുകൾ നടന്നിരുന്നു. പക്ഷേ ഉള്ളിന്റെയുള്ളിൽ സ്നേഹത്തിന്റെ നീരോഴുക്കുന്നവരാണ്. പക്ഷേ ഇപ്പോൾ പുറമേയക്ക് അതിലെങ്കിലും അകമേയ്ക്ക് അതുഉണ്ടായിതുടങ്ങിയിരിക്കുന്നു എന്നാണെനിക്ക് തോന്നുന്നത്. ഇതിനെയാണ് നവോത്ഥാനത്തിന്റെ തിരിച്ചുപോക്ക് എന്നു പറയുന്നത് അതുകൊണ്ട് നവോത്ഥാനത്തിന്റെ ചരിത്രത്തിന്റെ പെട്ടി തുറക്കണം. ആ പെട്ടിയിലുള്ള ജ്ഞാന മൂലധനമെടുക്കണം. അത് നന്നായി ഉപയോഗിക്കണം. പാരമ്പര്യമെന്നു പറയുന്ന പെട്ടിയുടെ അനുഭവങ്ങൾ അഭയകേന്ദ്രങ്ങളല്ലാ ആയുധപ്പെരകളാണ്. 'Eridity is not an asytum, എന്നു പറയും. Its is an Armoury, അതിനു കഴിയാവുന്ന നിലയിൽ നവോത്ഥാനത്തിന്റെ പ്രചോദനം ശക്തിപ്പെടുത്തുന്ന വിവിധതരം പ്രഭാഷണങ്ങൾ ഓരോ സമുഹത്തിനും ഓരോ ചലനങ്ങളിലും ഉണ്ടാകുന്നതിനെ കുറിച്ച് ഊർജ്ജം സ്വലതയോടു കൂടി നടത്താൻ വക്കം മൗലവി പഠനകേന്ദ്രത്തിനു സാധിക്കടട്ടെ, നവോത്ഥാനം ചരിത്രത്തെകുറിച്ചുള്ള ഓർമ്മപെടുത്തലല്ലാ, വർത്തമാനകാലത്തെ ചുമതലകളിൽ എടപെടലുകൾകൂടിയാണന്നും പുതിയ സമുഹത്തോട്

ശതമായി പറയുന്ന ഒരു കേന്ദ്രമായിട്ട് ഈ കേന്ദ്ര മാറിത്തിരട്ടെ എന്നാഗ്രഹിച്ചുകൊണ്ട് ഈ പ്രഭാഷണ പരമ്പരയുടെ ഉദ്ഘാടനം നിർവ്വ്ഹിച്ചതായി അറിയിക്കുന്നു.